ISSN-2455-0736 (Print)
ISSN-2456-4052 (Online)

DOI

# അന്തർജ്ജനം മുതൽ ജമീല വരെ

**DR.ANILA C.S.**
*Assistant professor, Department of Malayalam*
*PavanatmaCollege,Murickassery*

**ABSTRACT**

**KEY WORDS:**
Athmakatha

At any point of human life, when a person goes through his or her past life experiences and gives it a literary touch, we call it an autobiography. This article seeks "the presence of women in Malayalam literary genre 'Autobiography' and it's various dimensions". For this, Lalithambika Antharjanam's "AATHMAKADHA ORAAMUGHAM" and Nalini Jameela's "NJAAN LAIMGEEKA THOZHILALY" are being selected. Though these two autobiographies were written in different periods having many dissimilarities, somany similarities can be seen in between them.

ഒരു മനുഷ്യായുസ്സിൽ ഏതെങ്കിലുമൊരു ദശയിൽ ഒരുവൻ തൽ കഴിഞ്ഞുപോയ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോകുകയും അതിന് സാഹിത്യ പ്രതിച്ഛായ നൽകുകയും ചെയ്യുമ്പോൾ അതിനെ ആത്മകഥ എന്ന് വിളിക്കാം. മറ്റ് സാഹിത്യരചനകളെ അപേക്ഷിച്ച് കൃതികൾ കുറവാണെങ്കിലും മലയാളത്തിൽ ഒരു ശ്രേഷ്ഠ സാഹിത്യരൂപമായി ആത്മകഥ നിലനിൽക്കുന്നു. ഏവരും ആത്മകഥകൾ നിറഞ്ഞവരാണ്. എന്നാൽ സങ്കീർണ്ണമായ ജീവിതാനുഭവങ്ങളോ, താൻ കടന്നുവന്ന വഴികൾ മറ്റുള്ളവർക്ക് മാർഗ്ഗദർശകമാകട്ടെ എന്നിങ്ങനെ അനേകം കാരണങ്ങളാകാം ഒരുവനെ ആത്മകഥാ രചനയിലേയ്ക്ക് നയിക്കുന്നത്. സ്മരണകൾ, ഓർമ്മക്കുറിപ്പുകൾ, കേട്ടെഴുത്തുകൾ, അഭിമുഖ സംഭാഷണങ്ങൾ വരെ ആത്മകഥ എന്ന വിഭാഗത്തിൽ ഉൾക്കൊള്ളിക്കാം. ജീവചരിത്രത്തോളം ഒരുവന്റെ പൂർണ്ണമായ ജീവിതകഥ പറയുവാൻ ഇവയ്ക്ക് കഴിയില്ലെങ്കിലും ആത്മാംശവും സത്യസന്ധതയും മുന്നിട്ടുനിൽക്കുന്നവയാണ് ആത്മകഥകൾ.

സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ ഇടങ്ങളിൽ അധികാരിവർഗ്ഗമായി നിലനിന്നിരുന്ന പുരുഷാധിപത്യത്തെയാണ് സാഹിത്യരചനയുടെ തുടക്കത്തിലും കാണുവാൻ കഴിയുന്നത്. കുടുംബം പരിപാലിക്കലും കുട്ടികളെ വളർത്തലുമാണ് തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യം എന്ന ചിന്താഗതിയിൽ നിന്നും സ്ത്രീകൾ പുറത്തേയ്ക്കു വരുവാൻ ഏറെക്കാലം കാത്തിരിക്കേണ്ടി വന്നിട്ടുണ്ട്. അപ്പോഴും ഭാവനാപരമായ സാഹിത്യരചനകളിലേയ്ക്ക് കടന്നുവന്നെങ്കിലും തന്റെ ജീവിത ചുറ്റുപാടുകളെയോ (കുടുംബം) തന്റെ അവസ്ഥകളെയോ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

(സ്വത്വം) തന്റെ തൊഴിലിടങ്ങളെയോ സത്യസന്ധമായി ആവിഷ്ക്കരിക്കേണ്ടുന്ന ആത്മകഥാ രചനയിലേയ്ക്ക് കടന്നുവരാൻ പിന്നെയും കാലതാമസം എടുത്തു. പതിനെട്ടാം നൂറ്റാണ്ടിൽ ഉത്തരാർദ്ധത്തിൽ മലയാളത്തിൽ ആത്മകഥാസാഹിത്യം ഉടലെടുത്തുവെങ്കിലും ഇരുപതാം ന ൂറ്റാണ്ടോടെയാണ് അവിടെ ഒരു സ്ത്രീസാന്നിദ്ധ്യം കാണാൻ കഴിയുന്നത്. സ്ത്രീകൾ എപ്പോഴും ലിഖിത നിയമങ്ങൾക്കുള്ളിലാണ്. അത് മറികടക്കുമ്പോൾ അവൾ ഒരുമ്പെട്ടവൾ എന്ന പേരിന് അർഹയാകുന്നു. ഇതൊക്കെ പല മേഖലകളിൽ നിന്നും സ്ത്രീയെ പുറകോട്ടു വലിക്കുന്നു.

ബി. കല്യാണിയമ്മയുടെ വ്യാഴവട്ടസ്മരണകൾ എന്ന സ്മരണകളാണ് മലയാള സാഹിത്യ ത്തിൽ ആദ്യമായി ഒരു സ്ത്രീ രചിച്ച ആത്മകഥ. അവിടെനിന്നും കേശവദേവ് എന്റെ കാമുകൻ (സീതാലക്ഷ്മി കേശവദേവ്), ഓർമ്മയുടെ ഓടക്കുഴൽ (ചന്ദ്രിക ബാലകൃഷ്ണൻ), ഇവൻ എൽ പ്രിയ സി.ജെ. (റോസി തോമസ്), ആത്മകഥയ്ക്ക് ഒരാമുഖം (ലളിതാംബിക അന്തർജ്ജ നം), ഓർമ്മക്കുറിപ്പുകൾ (അജിത), അടുക്കളയിൽ നിന്ന് പാർലമെന്റിലേയ്ക്ക് (ഭാരതി ഉദയഭാ നു), ജീവിതത്തിന്റെ അരങ്ങ് (അയിഷ), ബാല്യകാല സ്മരണകൾ, എൽ കഥ (മാധവിക്കുട്ടി). എന്റെ കഥ അഥവാ ഒരു മലയാളി യുവതിയുടെ ജീവിതയാത്ര (വിനയ), ഞാൻ ലൈംഗിക തൊഴിലാളി (നളിനി ജെമീല), സ്വരഭേദങ്ങൾ (ഭാഗ്യലക്ഷ്മി), അത് ഞാനായിരുന്നു (അഷിത) തുടങ്ങി ഒട്ടേറെ ആത്മകഥകൾ ഇന്ന് നമുക്ക് മുന്നിലുണ്ട്.

ലളിതാംബിക അന്തർജ്ജനത്തിൽ ആത്മകഥയ്ക്ക് ഒരാമുഖം, നളിനി ജമീലയുടെ ഞാൻ ലൈംഗിക തൊഴിലാളി എന്നീ രണ്ട് ആത്മകഥകളാണ് വ്യത്യസ്ത കാലഘട്ടങ്ങളെ പ്രതിനി ധാനം ചെയ്യുന്ന- ഇവിടെ പ്രധാനമായും പരാമർശവിധേയമാകുന്നത്. വ്യക്തിനിഷ്ഠമായ ഈ കൃതികളിൽ നിന്നുകൊണ്ട് സ്ത്രീയിടങ്ങളെപ്പറ്റി ചിന്തിക്കാം.

എഴുപതാം വയസ്സിൽ ലളിതാംബിക എഴുതിയ ആത്മകഥയുടെ പേര് തന്നെ ഏറെ അർത്ഥവ ത്താണ്, 'ആത്മകഥയ്ക്ക് ഒരാമുഖം'. എന്തെന്നാൽ പൂർണ്ണമായി ഒരു കഥയ്ക്കുപരി അത് ഒരാമു ഖം മാത്രമാണ്. എപ്പോഴൊക്കെയോ തന്റെ ഡയറിത്താളുകളിൽ കുറിച്ചിട്ട വരികളാണ് അവർ ഇതിനായി ഏറെ ഉപയോഗിച്ചിരിക്കുന്നത്. എഴുത്തുകാരുടേയും അവർ ഉൾപ്പെട്ട നമ്പൂതിരി സമുദായത്തിലെ സ്ത്രീകളുടെ അവസ്ഥയും മുഖ്യമായും ഈ ഗ്രന്ഥത്തിൽ കണ്ടെത്താൻ കഴിയുന്നു. ആത്മകഥാകാരിയുടെ ജനനസമയത്ത് പെൺകുഞ്ഞാണെന്ന് അറിഞ്ഞ വിദ്യാസ മ്പന്നനും സഹൃദയനും പരിഷ്കാരിയുമായ അവളുടെ അച്ഛന്റെ വാക്കുകൾ അതിന് ഏറെ ദൃ ഷ്ടാന്തമാണ്. ''ഇച്ഛ, ഞാനിനി ഇവിടെ താമസിക്കുന്നിച്ഛ. വല്ല മദിരാശിയിലും ചെന്ന് ക്രിസ്തു മതം സ്വീകരിച്ച് ഒരു മദാമ്മയെ കല്യാണം കഴിക്കാൻ പോവുകയാണ്. അവൾക്ക് പെൺകുട്ടി ഉണ്ടായാൽ ആ കുട്ടിയെ മനുഷ്യസ്ത്രീയേപ്പോലെ വളർത്താനെനിക്കു സാധിക്കും. മനുഷ്യ രെപ്പോലെ പഠിപ്പിച്ച് സ്വാതന്ത്ര്യം കൊടുത്ത് ഒരു നച്ഛ മനുഷ്യൻ വിവാഹം ചെയ്തു കൊടുക്കു വാനും സാധിക്കും''(ലളിതാംബിക അന്തർജ്ജനം, 2018). മണ്ണായി പിറന്നാലും പെണ്ണായി പ ിറക്കരുത് എന്ന നിസ്സഹായതാബോധം പെറ്റ മാതാവിബ്ബ പോലും കാണാൻ കഴിയുന്നു. അതി നാലാവാം അന്തർജ്ജനം പറയുന്നു് ''പീഢകളുടെ മൂർദ്ധന്യാവസ്ഥയിൽ അസ്വതന്ത്രതയുടെ പരമകോടിയിബ്ബ നിന്നാണ് വിപ്ലവാസക്തി ഉടലെടുക്കുന്നതെന്ന്. കണ്ണുനീർത്തുള്ളികളുടെ വീർത്തുപൊട്ടൽ ആറ്റംബോംബിനേക്കാൾ ഭയങ്കരമാണ്'' (ലളിതാംബിക അന്തർജ്ജനം, 2018). എന്നാൽ ലളിതാംബിക അന്തർജ്ജനത്തെ സംബന്ധിച്ചിടത്തോളം വിദ്യാസമ്പന്നനായ അച്ഛന

ISSN-2455-0736 (Print)
ISSN-2456-4052 (Online)

ും സാഹിത്യതാല്പര്യമുള്ള മാതാവും അവൾക്ക് അറിവ് നൽകി എന്നുള്ളതാണ് സ്ത്രീ എന്ന നിലയിൽ ആ സമുദായത്തിൽ അവർക്ക് ലഭിച്ച മേന്മ.

മാതാപിതാക്കളിൽ നിന്നും ലഭിച്ച ഈ അപൂർവ്വഭാഗ്യം ലളിതാംബികയെ സാഹിത്യലോകത്തേയ്ക്ക് കൈപിടിച്ചുനടത്തി. ഒരു സാഹിത്യകാരൻ തന്റെ സമയത്തിൽ ഏറിയ പങ്കും സർഗ്ഗാത്മകതയ്ക്കുവേണ്ടി മാറ്റിവയ്ക്കുമ്പോൾ ഗൃഹപരിപാലനത്തിനും ശിശുപരിപാലനത്തിനും ഇടയിൽ ലഭിക്കുന്ന നിമിഷങ്ങളാണ് അന്തർജ്ജനത്തെപ്പോലുള്ള സ്ത്രീകൾ അന്ന് എഴുത്തിനുവേി ഉപയോഗിച്ചിരുന്നത്. ഗാന്ധിയൻ ആദർശങ്ങളെ മുറുകെ പിടിച്ച് ജീവിച്ച ഇവർ സാമൂഹിക പുരോഗതിക്കുവേണ്ടി പ്രയത്നിച്ച വ്യക്തികൂടിയാണ്.

അന്തർജ്ജനത്തിൽ ആത്മകഥയിൽ നിന്നും തികച്ചും വ്യത്യസ്തമാണ് നളിനി ജമീലയുടേത്. സമൂഹം ഒരേസമയം അവഗണിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്ന ലൈംഗിക തൊഴിലാളിയാണ് ഇവർ. ഭർത്താവിൽ മരണശേഷം അന്നത്തെ സാഹചര്യത്തിൽ മക്കളെ പോറ്റാനുള്ള ധനം സമ്പാദിക്കുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം ഇതായിരുന്നു എന്നാണ് തൽ തൊഴിൽ ജീവിതത്തിലേയ്ക്കുള്ള വരവിനെപ്പറ്റി അവർ പറയുന്നത്. അല്ലാതെ ഇത്തരം വ്യക്തികൾ സാധാരണ പറയുന്നതുപോലെ കുടുംബവും സമൂഹവും ജീവിതസാഹചര്യങ്ങളും തന്നെ ഇവിടെ എത്തിച്ചു എന്നല്ല. ലൈംഗിക തൊഴിലാളിയുടെ ആത്മകഥ എന്ന നിലയിൽ ഇക്കിളിപ്പെടുത്തുന്ന അനുഭവങ്ങളോ, രസാത്മകതയോ അല്ല മറിച്ച്, തീക്ഷ്ണമായ ജീവിതാനുഭവങ്ങളെ വസ്തുനിഷ്ഠമായി ആവിഷ്ക്കരിച്ചിരിക്കുകയാണിവിടെ. അവർ ഈ തൊഴിലിലേയ്ക്ക് കടന്നുവന്നപ്പോഴുള്ള സമൂഹത്തിന്റെ അവസ്ഥയും ഇന്നത്തെ സമൂഹത്തിൽ അവസ്ഥയും നമുക്ക് ഇതിൽ വായിച്ചെടുക്കാൻ സാധിക്കുന്നു. കാലഘട്ട പരിണാമം ലൈംഗികതയിൽ വരുത്തിയ മാറ്റത്തെയാണ് അത് അനാവരണം ചെയ്യുന്നത്.

സാമാന്യം ഭേദപ്പെട്ട വീട്ടിൽ ജനിച്ചുവളർന്നവളാണ് നളിനി ജമീല. അച്ഛന്റെ ചേട്ടന്റെ ഭാര്യയായ വല്യമ്മയാണ് വീട്ടിലെ കാര്യങ്ങളെല്ലാം തീരുമാനിക്കുന്നത്. അങ്ങനെ അവരുടെ നിർദ്ദേശപ്രകാരം ജമീല മൂന്നാം ക്ലാസ്സിൽ പഠിപ്പ് നിർത്തുകയാണ്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് തൊട്ടുമുമ്പ് കുറെ പട്ടാളക്കാരെ പിരിച്ചുവിട്ടതിൽപ്പെട്ടയാളായിരുന്നു നളിനിയുടെ അച്ഛൻ. അമ്മ നൂൽമില്ലിൽ സൂപ്പർവൈസറായിരുന്നു. എന്നാൽ നാട്ടിൽവന്ന അച്ഛൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ സജീവ പ്രവർത്തകനായതിന്റെ പേരിൽ അമ്മയുടെ ജോലി നഷ്ടപ്പെട്ടു. അങ്ങനെ ജോലി ചെയ്യാത്ത അച്ഛനും ജോലി നഷ്ടപ്പെട്ട അമ്മയും കുടുംബത്തിന് ദാരിദ്ര്യത്തെ സമ്മാനിച്ചു. കുടുംബത്തോട് കൂറ് പുലർത്താത്ത അച്ഛൻ സ്വന്തം കാര്യം നോക്കിനടന്നപ്പോൾ മക്കളെ പോറ്റാൻ അമ്മ ബുദ്ധിമുട്ടി. അമ്മ പല രാത്രിയിലും തനിച്ചിരുന്ന് കരയുക പതിവായി. ഈ ഘട്ടത്തിൽ നളിനി പണിക്കുപോകാൻ തീരുമാനിച്ചു.

''അച്ഛന്റെ പാർട്ടി പ്രവർത്തനവുമായി ബന്ധപ്പെട്ട അമ്മയുടെ ജോലി പ്രതിസന്ധിയിലായപ്പോൾ അമ്മയ്ക്ക് അവകാശബോധത്തോടെ ഉറച്ചുനിൽക്കാൻ പറ്റിയില്ല. ആറ് മക്കളെയും തൊഴിലെടുക്കാത്ത ഭർത്താവിനെയും പുലർത്തേണ്ടത് തൽ ഉത്തരവാദിത്വമാണ് എന്ന വിചാരമായിരുന്നു. ഈ ഘട്ടത്തിൽ ഞാനൊരു തീരുമാനമെടുത്തു. പണിക്ക് പോകാറുള്ള കൂട്ടുകാരിയോട് ചോദിച്ചു; ഞാൻ നിൽകൂടെ പണിക്ക് വരട്ടെ? ഓട്ട് കമ്പനിയിൽ പണിക്ക് വന്നോളാൻ പറഞ്ഞു. പണി എന്താണെന്ന് കേട്ടപ്പോൾ എളുപ്പമാവുമെന്ന് തോന്നി. ഓട് കഷ്ണങ്ങൾ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

പെറുക്കി കൊട്ടയിലിട്ട് തലയിൽ വച്ച് നടക്കണം. കൊട്ട എന്നാൽ പൂ പോലെയേ ഉണ്ടാവൂ എന്ന് വിചാരിച്ചു. പാവാടയുടുത്തു പോയാൽ ചെറിയ കുട്ടിയായേ പരിഗണിക്കൂ എന്ന് വിചാരിച്ച് ലുങ്കിയൊക്കെ മുറുക്കിയുടുത്ത് പണിക്ക് പോയി''(നളിനി ജമീല, 2018).

ഇവിടെനിന്ന് തുടങ്ങുന്ന നളിനിയുടെ ജീവിതം പല വഴികളിലൂടെ - വ്യത്യസ്തമാർന്ന തൊഴിലിടങ്ങൾ, വിവാഹം - ഒടുവിൽ ലൈംഗികത്തൊഴിലിലേയ്ക്കെത്തി. ലൈംഗികവൃത്തി സ്വീകരിച്ചവൾ എങ്കിലും സ്വന്തം മക്കളുടെ സംരക്ഷണത്തിനുവേണ്ടി വ്യഗ്രത കാട്ടുന്ന ഒരു മാതാവിനെ നമുക്ക് നളിനിയിൽ ദർശിക്കാം. അതോടൊപ്പം ജ്വാലാമുഖി എന്ന സംഘടനയോടൊപ്പമുള്ള പ്രവർത്തനവും, പോലീസ്, മാധ്യമങ്ങൾ, സമൂഹം എന്നിവരുടെ മനോഭാവങ്ങൾ, തന്നെ സമീപിക്കുന്ന വ്യത്യസ്തരായ ചില ക്ലയൽുകൾ ഇങ്ങനെ വ്യത്യസ്ത തലങ്ങളെ അവർ തൻെ കഥയിൽ വിശദീകരിക്കുന്നു. വെറും ഒരു ലൈംഗിക തൊഴിലാളി എന്നതിലുപരി സമൂഹത്തിൽ ഇത്തരത്തിൽ പിന്തള്ളപ്പെടുന്നവർക്കുവേി, ചില ഡോക്യുമെൻറികൾ നളിനി ജമീല ചെയ്തിട്ടുണ്ട്. ജ്വാലാമുഖികൾ, നിശബ്ദരാക്കപ്പെട്ടവരിലേയ്ക്കൊരെത്തിനോട്ടം തുടങ്ങിയവയാണ് പ്രധാനപ്പെട്ടവ.

വ്യക്തികേന്ദ്രീകൃതങ്ങളായ ഈ രണ്ട് ആത്മകഥകളും വ്യത്യസ്തതലങ്ങളിലുള്ളതാണെങ്കിലും സ്ത്രീ എഴുത്തുകാരികൾ എന്ന സമാനതയിൽ ഇതിബ്ഭ ചില സാമ്യതകൾ കാണാൻ കഴിയുന്നു. നമ്പൂതിരി സമുദായത്തിനുള്ളിലെ നിശിതനിയമങ്ങൾക്ക് വിധേയമായി ജീവിച്ച ലളിതാംബിക അന്തർജ്ജനം ഔപചാരിക വിദ്യാഭ്യാസം നിരോധിക്കപ്പെട്ട സ്ത്രീയാണ്. ഇടത്തരം സാമ്പത്തികഭദ്രതയുള്ള തറവാട്ടിൽ ജനിക്കുകയും നാരായണഗുരുവിൽെ ദർശനങ്ങൾ ഉൾക്കൊണ്ട പിതാവിന്റെ മകളായി ജീവിക്കുകയും ചെയ്തിട്ടും മൂന്നാം ക്ലാസിൽ പഠിപ്പ് നിർത്തേണ്ടിവന്നവളാണ് നളിനി. താൻ ഉൾപ്പെടുന്ന സമുദായത്തിലെ സ്ത്രീകളെ അനാചാരങ്ങളിൽ നിന്നും രക്ഷപെടുത്താൻ ഘോഷാബഹിഷ്കരണങ്ങളിലൂടെയും ദേശീയ പ്രസ്ഥാനത്തിലൂടെയുമൊക്കെ ശ്രമിച്ച ലളിതാംബിക അന്തർജ്ജനം സ്ത്രീയെന്ന നിലയിലുള്ള തൻെ ഭയത്തെക്കുറിച്ച് പറയുന്നു. ''നമുക്ക് നച്ഛതെന്നു തോന്നുന്നത് നിസ്സങ്കോചം തുറന്നുപറയാനും ചെയ്യാനും നമ്മെ വിലക്കുന്നത് അധികപങ്കും ഈ ഭയമാണ്''(ലളിതാംബിക അന്തർജ്ജനം, 2018).

വളരെ അധീരതയോടെയാണ് താൻ ഈ പുസ്തകം വായനക്കാർക്കു മുന്നിൽ സമർപ്പിക്കുന്നത് എന്ന് പറയുന്ന ലളിതാംബികയിൽ നിന്നും ജമീലയിലേയ്ക്കെത്തുമ്പോൾ ഭയത്തിന്റെ തീവ്രത കുറഞ്ഞു എന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. എന്നാൽ പൂർണ്ണമായും അത് ഒഴിഞ്ഞുവെന്ന് പറയാൻ കഴിയില്ല. കാരണം ഒരു ലൈംഗിക തൊഴിലാളിയായിട്ടുകൂടി തന്റെ ആദ്യകാലത്തെയും സമീപകാലത്തെയും വിവരിക്കുന്നിടത്ത് ജമീലയിൽ ഈ ഭയം നിഴലിക്കുന്നത് നമുക്ക് കാണാം.

1979 കാലഘട്ടത്തിൽ നിന്നും 2019 കാലഘച്ചത്തിലേയ്ക്ക് നാമെത്തി നിൽക്കുമ്പോഴും തുറന്നുപറച്ചിലിൽ അഥവാ തുറന്നെഴുത്തിൽ സാഹിത്യരൂപത്തിലേയ്ക്ക് അല്ലെങ്കിൽ ആത്മകഥയിലേയ്ക്ക് സ്ത്രീകളുടെ കടന്നുകയറ്റം കാണാത്തതിന് പ്രധാന കാരണം കുടുംബം, സമൂഹം തുടങ്ങിയ അനേകം ഘടകങ്ങളുടെ മറവിലാണവൾ എന്നുള്ളതാണ്.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

## RERefENCE

1. Lalithambika Antharjanam
Athmakathaykku Oramukham
DC Books, Kottayam, 2018

2. Nalini Jameela
Njan Lymgikathozhilali
Litmus, An imprint of DC Books
Kottayam, 2018